വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തന പുരോഗതി

1331. [1803] ശ്രീ. ഇ. ജെ. ലൂക്കോസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) 16-3-1983-ൽ കേരള ജലസേചന വകുപ്പു മന്ത്രി ശിലാസ്ഥാപനം നിർവ്വഹിച്ച ഏറ്റുമാനൂർ, ആതിരംപുഴ, നീണ്ടൂർ ആർപ്പുക്കര, കാണക്കാരി പഞ്ചായത്തുകൾക്കുള്ള പൊതുവായ വാട്ടർ സപ്ലൈ സ്കീമിന്റെ പ്രവർത്തനത്തിന്റെ പുരോഗതി എന്തായി ;

(ബി) ഈ പദ്ധതി കഴിയുന്നതും വേഗം നടപ്പിലാക്കാൻ വേണ്ട നടപടി സ്വീകരിക്കുമോ ;

(സി) കോട്ടയം വാട്ടർ സപ്ലൈ സ്കീമിൽ ഉൾപ്പെടുത്തിയ കുമാരനല്ലൂർ പഞ്ചായത്തിലെ വാട്ടർ സപ്ലൈ സ്കീം എന്ന് പൂർത്തിയാകും ?

ഉത്തരം

(എ) പ്രസ്തുത പണിയുടെ സർവ്വെ പൂർത്തിയായി ഡീറ്റയിൽസ് ഡിസൈൻ നടത്തിക്കൊണ്ടിരിക്കുകയാണ്.

(ബി) സ്വീകരിക്കാം.

(സി) ഈ സ്കീം ലോകബാങ്കിന്റെ സഹായത്തോടുകൂടി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന കോട്ടയം ശുദ്ധജല വിപുലീകരണ പദ്ധതിയുടെ ഭാഗമായതുകൊണ്ട് ലോകബാങ്കിന്റെ സഹായം ലഭിച്ച് കഴിഞ്ഞാൽ, ഉടൻതന്നെ ആരംഭിക്കാവുന്നതും നാല് വർഷത്തിനകം പൂർത്തിയാക്കാവുന്നതുമാണ്.

മഞ്ചേരി അർബൻ വാട്ടർ സപ്ലൈ സ്കീമിന് സ്ഥലം
അകപ്പയർ ചെയ്യാൻ നടപടി

1332. [1804] ശ്രീ. എം. പി. എം. ഇസഹാക്ക് കുരിക്കൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) മഞ്ചേരി അർബൻ വാട്ടർ സപ്ലൈ സ്കീമിന് ആവശ്യമുള്ള സ്ഥലം അകപ്പയർ ചെയ്യാനുള്ള നടപടി പൂർത്തിയായോ ;

(ബി) ആയില്ലെങ്കിൽ എന്ന് പൂർത്തിയാകും ?

ഉത്തരം

(എ, ബി) പൂർത്തിയായിട്ടില്ല. സ്ഥലം അകപ്പയർ ചെയ്യാനുള്ള നടപടികൾ 85 ഡിസംബർ ആകുമ്പോഴേയ്ക്കും പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു.

കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ പൈപ്പുകൾക്ക്
നൽകിയ ഓർഡർ

1333. [1805] ശ്രീ. സി. വാസുദേവ മേനോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി സഭയിൽ മറുപടി നൽകുമോ :

(എ) വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ കൽക്കട്ടയിലെ ഏത് സ്വകാര്യ സ്ഥാപനത്തിനാണ് പൈപ്പുകൾക്ക് ഓർഡർ നൽകിയത് ;

(ബി) എത്ര ലക്ഷം രൂപയ്ക്കുള്ള പൈപ്പുകൾക്കാണ് ഓർഡർ നൽകിയത് ;

LIBRARY ARCHIVES Kerala Legislative Assembly

(സി) ഈ ഓർഡർ അനധികൃതമായിരുന്നോ ;

(ഡി) എങ്കിൽ അത് സംബന്ധിക്കാനിടയായ സാഹചര്യമെന്താണ് ;

(ഇ) ഈ ഇടപാടിൽ കുറ്റക്കാരായവരുടെ പേരിൽ എന്തെങ്കിലും നടപടി സ്വീകരിച്ചുവോ ; എങ്കിൽ എന്ത് നടപടി ?

ഉത്തരം

(എ) 1-4-1984-ൽ ആണ് അതോറിട്ടി രൂപീകരിച്ചത്. അതിനുശേഷം അതോറിട്ടിയിലെ കോട്ടയം എക്സിക്യൂട്ടീവ് എഞ്ചിനീയർ ഓർഡറുകൾ നൽകിയിട്ടില്ല.

(ബി, സി, ഡി, ഇ) ഉദിക്കുന്നില്ല.

വാട്ടർ റിസോഴ്സസ് ഡെവലപ്പ്മെന്റ് ആൻഡ് മാനേജ്മെന്റ്

1334. [1806] ശ്രീ. കെ. കെ. ബാലകൃഷ്ണൻ ;
,, കെ. ശങ്കരനാരായണപിള്ള ;
,, എ. കെ. ശശീന്ദ്രൻ ;
,, വി. സി. കബീർ ;
,, പി. വിജയദാസ് ;
,, എ. സി. ഷൺമുഖദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ജലസേചന വകുപ്പുമന്ത്രി ദയവായി മറുപടി നൽകുമോ :

(എ) വാട്ടർ റിസോഴ്സ് ഡെവലപ്പ്മെന്റ് ആൻഡ് മാനേജ്മെന്റ് എന്നാണ് സ്ഥാപിതമായത് ;

(ബി) ഇതിന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(സി) ഈ സ്ഥാപനത്തിൽ ആകെ എത്ര ജീവനക്കാരുണ്ട് ;

(ഡി) ഇതിന്റെ തസ്തിക തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ ;

(ഇ) ഈ സ്ഥാപനത്തിന്റെ ചെയർമാനും മറ്റ് ഭരണ സമിതി അംഗങ്ങളും ആരെല്ലാമാണ് ;

(എഫ്) ഈ സ്ഥാപനത്തിന്റെ പ്രവർത്തനത്തിനുവേണ്ടി ഓരോ വർഷവും ചെലവാക്കിയ സംഖ്യ എത്ര ?

ഉത്തരം

(എ) 28-1-1978.

(ബി) ജലവിഭവം, വികസനം, വിനിയോഗം, സംരക്ഷണം മുതലായവയിൽ ഉന്നതഗവേഷണം നടത്തുക, ജലശാസ്ത്രത്തിൽ പരിശീലനം കൊടുക്കുക, ചർച്ചായോഗങ്ങൾ സംഘടിപ്പിക്കുക, ശാസ്ത്രവിജ്ഞാനം കർഷകർക്ക് പകർന്നു കൊടുക്കുക, ജലശാസ്ത്രത്തിൽ ഗവേഷണം നടത്തുന്ന ദേശീയ, അന്തർ ദേശീയ സ്ഥാപനങ്ങളുമായി സഹകരിച്ച് പ്രവർത്തിക്കുക മുതലായവയാണ് ഈ കേന്ദ്രത്തിന്റെ മുഖ്യമായ പ്രവർത്തനങ്ങൾ.

(സി) 198.

(ഡി)

സയന്റിഫിക്	23
ടെക്നിക്കൽ	77
അഡ്മിനിസ്ട്രേറ്റീവ്	98

(ഇ) ഈ സ്ഥാപനത്തിന് രണ്ട് ഭരണ സമിതികളുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly